# ഇതൾ

## 2023-26 ബാച്ച്

ഗവ വി എച്ച് എസ് എസ്
വീരണകാവ്



2023 -2026 ബാച്ചിൽ ആകെ 22 അംഗങ്ങളാണ് ഉള്ളത്. പ്രിലിമിനറി പരീക്ഷ എഴുതിയ എല്ലാവർക്കും വിജയിക്കാനുള്ള മാർക്ക് ലഭിച്ചുവെങ്കിലും ഉപകരണലഭ്യത കണക്കാക്കിയുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ആദ്യത്തെ 32 പേർക്കാണ് അംഗത്വം ലഭിച്ചത് .അതിൽ കുറച്ച് പേർ NCC യിലേയ്ക്ക് പോകുകയും രണ്ടു പേർ TC പോകുകയും ചെയ്തു.ബാക്കി 22 പേരാണ് നിലവിൽ ഈ ബാച്ചിലുള്ളത്. ലൈറ്റിൽ കൈറ്റ്സ് മെൻറ്റർമാരായി ലിസി ടീച്ചറും നിമ ടീച്ചറുമാണ് ആദ്യം പ്രവർത്തിച്ചത്. പിന്നീട് നിമ ടീച്ചറിന് പകരം സുരജ ടീച്ചറിനെ തെരഞ്ഞെടുത്തു . അനശ്വരയും ഹരിചന്ദനയുമാണ് വിദ്യാർത്ഥികളിൽ നിന്നുള്ള ലീഡർമാർ . ഹെഡ്മിസ്ട്രസ് സന്ധ്യ ടീച്ചർ ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നുണ്ട്. എല്ലാ ബുധനാഴ്ച്ചകളിലും വൈകുന്നേരം കൈറ്റ് മെൻറ്റർമാർ നൽകുന്ന ക്ലാസ്സുകൾക്ക് പുറമെ വിക്ടേഴ്സ് ചാനലിലെ ക്ലാസ്സുകൾ ഐ ടി ലാബിൽ വന്നു കുട്ടികൾ കാണുകയും സ്കൂൾ ഇടവേള സമയങ്ങളിലും ലിറ്റൽ കൈറ്റ്സ് പ്രവർത്തനങ്ങൾ പരിശീലിക്കുകയും ചെയ്യുന്നു. ഗ്രൂപ്പായി പഠിക്കുകയും സഹായിക്കുകയും ചെയ്യുന്നു.



**സന്ധ്യ സി**
**ഹെഡ്മിസ്ട്രസ്**



**ലിസി ആർ**
**മെന്റർ 1**



**സുരജ എസ് രാജ്**
**മെന്റർ 2**

# അതിരുകളില്ലാത്ത അറിവിന്റെ ഡിജിറ്റൽ ലോകം

പ്രിയ വായനക്കാരെ,

അക്ഷരങ്ങൾ കടലാസ്സിൽ നിന്ന് സ്ക്രീനുകളിലേക്ക് ചേക്കേറുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. വിരൽത്തുമ്പിലെ ഒരു സ്പർശനത്തിലൂടെ ലോകത്തിന്റെ ഏത് കോണിലുമുള്ള അറിവുകളെ തൊട്ടറിയാൻ നമുക്കിന്ന് സാധിക്കുന്നു. ഈ ഡിജിറ്റൽ വിപ്ലവത്തിന്റെ ഭാഗമായി, നമ്മുടെ ചിന്തകളെയും സർഗ്ഗാത്മകതയെയും പുതിയൊരു രൂപത്തിൽ അവതരിപ്പിക്കുകയാണ് ഈ ഡിജിറ്റൽ മാഗസിൻ.

കാലം മാറുന്നതിനനുസരിച്ച് ആശയവിനിമയ രീതികളും മാറേണ്ടതുണ്ട്. ഒരു പിഡിഎഫ് (PDF) ഫയലായോ വെബ് ലിങ്കായോ നിങ്ങളുടെ കൈകളിലെത്തുന്ന ഈ മാസികയ്ക്ക് പല പ്രത്യേകതകളുമുണ്ട്: പേപ്പറിന്റെ ഉപയോഗം കുറയ്ക്കുന്നതിലൂടെ പ്രകൃതി സംരക്ഷണത്തിൽ നമുക്കും പങ്കാളികളാകാം. ലോകത്തിന്റെ എവിടെയിരുന്നും ഏത് സമയത്തും ആർക്കും ഇത് വായിക്കാം.

സാങ്കേതികവിദ്യ എത്ര വളർന്നാലും മനുഷ്യന്റെ ഭാവനയ്ക്കും സർഗ്ഗശേഷിക്കും പകരമാകാൻ മറ്റൊന്നിനും കഴിയില്ല. നമ്മുടെ വിദ്യാർത്ഥികളുടെ/അംഗങ്ങളുടെ കഴിവിനെ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ കൂടുതൽ ആളുകളിലേക്ക് എത്തിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. സ്മാർട്ട് ഫോണുകളിലും ലാപ്ടോപ്പുകളിലും ഒതുങ്ങിപ്പോകുന്ന നമ്മുടെ സമയം അറിവിനും വായനയ്ക്കുമായി മാറ്റിവെക്കാൻ ഈ സംരംഭം ഉപകരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

ഈ ഡിജിറ്റൽ വിപ്ലവത്തിലേക്ക് അക്ഷരങ്ങളുമായി കടന്നുവന്ന എല്ലാ സുഹൃത്തുക്കൾക്കും, ഇതിന് പിന്നിൽ പ്രവർത്തിച്ച സാങ്കേതിക പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു.

വായിക്കാം... വളരാം... പുതിയ കാലത്തിനൊപ്പം!

സ്നേഹപൂർവ്വം,

എഡിറ്റർ

# ഉള്ളടക്കം

ഓർമ്മയായി നിന്നൊരു മാവ്....2
ലോകം കാണും മായാകാഴ്ചകൾ....4
മനുവിന്റെ സ്വപ്നം....6
വായന ചങ്ങാതി....7
സൗഹൃദം....8
കുളിരിൽ മലകൾക്കിടയിൽ ഞാൻ....9
കാണാകാഴ്ചകൾ....10
സപ്തവർണ്ണക്കാഴ്ച....12
പ്രിയമുള്ള ഒരാൾ....13
മിഴികളിലെ ജ്വാല....14
കിനാവ്....16
താളുകൾ മറിയുമ്പോൾ....18
ഒരു വേനൽക്കാല പ്രണയം....20
സഹായത്തിന്റെ ശക്തി....21
പഴഞ്ചൊല്ല്....22
സാങ്കേതികവിദ്യയും കൃത്രിമ ബുദ്ധിയും: മാറുന്ന ലോകം....23
    വിരൽത്തുമ്പിലെ ലോകം....23
    കൃത്രിമ ബുദ്ധി: ബുദ്ധിശക്തിയുള്ള യന്ത്രങ്ങൾ....23
    വെല്ലുവിളികളും ആശങ്കകളും....24
    വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ....24
SYNONYMS....26

# ഓർമ്മയായി നിന്നൊരു മാവ്

ഇടതൂർന്ന് നിൽക്കുന്ന വൃക്ഷങ്ങൾക്കും കുറ്റിച്ചെടികൾക്കും ഇടയിൽ, ഏലക്കാടിനെ തഴുകി ഉണർത്തുന്ന നേതാവരി പുഴയുടെ തീരത്തായിരുന്നു ഇന്ദുവിന്റെ കൊച്ചു വീട്. പരിഷ്കാരത്തിന്റെ മൂടുപടമണിയാത്ത ആ കുഞ്ഞുലോകത്തെ ഇന്ദു ഏറെ സ്നേഹിച്ചിരുന്നു. ഓലമേൽക്കൂരയുള്ള ആ വീടിന് ചുറ്റും ഫലവൃക്ഷങ്ങളും, ഇരയത്തിന്റെ ഒരു വശത്ത് മിനുക്കിയ പൂന്തോട്ടവും ആ വീടിന്റെ അലങ്കാരമായിരുന്നു.

കുട്ടിക്കാലത്തുതന്നെ അച്ഛനമ്മമാരെ നഷ്ടപ്പെട്ട ഇന്ദുവിന്, അവളുടെ ലോകം എന്നത് പ്രായം ചെന്നെങ്കിലും സ്നേഹനിധിയായ മുത്തശ്ശിയും അവളുടെ ചുറ്റും വളർന്നുനിന്ന വൃക്ഷങ്ങളുമായിരുന്നു. അങ്ങനെയിരിക്കെയാണ് കുട്ടിക്കാലം മുതൽ ഒപ്പമുണ്ടായിരുന്ന കളിക്കൂട്ടുകാരി മാളു പട്ടണത്തിൽ നിന്നെത്തുന്നത്.

ഇന്ദുവിനും മാളുവിനും ഒരിക്കലും പിരിയാനാകാത്ത കൂട്ടുകാർ എന്ന വിശ്വാസം ഉണ്ടായിരുന്നു.

"മുത്തശ്ശി, മാളുവിന്റെ കത്ത് വന്നു. ഓണവധിക്കാലത്ത് അവൾ ഇങ്ങെത്തുമെന്നു,"എന്ന വാർത്ത കേട്ട നാൾമുതൽ ഇന്ദു ദിവസങ്ങൾ എണ്ണിയാണ് കഴിഞ്ഞത്.

അങ്ങനെ കാത്തിരിപ്പിന് വിരാമമിട്ട് ആ ദിവസം വന്നു.

പൊന്നോണത്തിനുശേഷം മാസങ്ങൾ കടന്നപ്പോൾ മാളു എത്തി.

"ഞാൻ നീ വരാൻ എന്തോരം കാത്തിരുന്നെന്നോ!"

സന്തോഷം അടക്കാനാവാതെ ഇന്ദു മാളുവിനെ കെട്ടിപ്പിടിച്ചു.

"ഞാനും നിന്നെ കാണാൻ എത്ര കാത്തിരുന്നെന്നോ...

അല്ലേ, മുത്തശ്ശി എവിടെ? നിന്നെ കണ്ടതും ഞാൻ ബാക്കിയെല്ലാം മറന്നു," മാളു ചിരിച്ചുകൊണ്ട് പറഞ്ഞു.

അപ്പോഴാണ് ഇന്ദുവിന്റെ ശ്രദ്ധ മാളുവിന്റെ കൈയിലേക്ക് പോയത്.

"ഇതെന്താ... ചെടിയാണോ?"

ചിരിച്ചുകൊണ്ടായിരുന്നു മാളുവിന്റെ മറുപടി.

"ഇത്ര വേഗം മറന്നോ? കഴിഞ്ഞ അവധിക്കാലത്ത് നീ തന്നെയല്ലേ പറഞ്ഞത് നിനക്ക് ഒരു മാവിൻ തൈ വേണമെന്ന്?"

അത്ഭുതത്തോടെയാണ് ഇന്ദു മറുപടി പറഞ്ഞത്.

അന്ന് തന്നെ അവർ രണ്ടുപേരും ചേർന്ന് ആ മാവിൻ തൈ നട്ടു.

ഒരിക്കലും പിരിയില്ലെന്ന വാക്കുകൾ അവർ പറഞ്ഞില്ല.

എങ്കിലും ആ നിമിഷത്തിൽ അവർ രണ്ടുപേരും അതേ വിശ്വസിച്ചു. പക്ഷേ, വിധി മറ്റൊന്നായിരുന്നു. ആ കുഞ്ഞു മാവ് പുതിയ നാമ്പുകൾ തെളിയിച്ചപ്പോൾ, ഇന്ദുവിന്റെയും മാളുവിന്റെയും ജീവിതത്തിലും പതിയെ മാറ്റങ്ങൾ ഉണ്ടായി.

ഹൈസ്കൂൾ പഠനത്തിനുശേഷം ഇരുവർക്കും ഇടയിലെ ദൂരം ക്രമാതീതമായി വർദ്ധിച്ചു. ദൂരം കൂടുന്തോറും സ്നേഹവും മൗനമായി. ഒരിക്കലും പിരിയില്ലെന്ന വിശ്വാസത്തിന് ദൃഢത കുറഞ്ഞെങ്കിലും, അവർ ചേർന്ന് സാക്ഷിയാക്കിയ ആ മാവിൻ വൃക്ഷം ഇന്നും അവിടെ നിലകൊള്ളുന്നു. ഇന്ദുവിന്റെയും മാളുവിന്റെയും സൗഹൃദത്തിന്റെ നിശ്ശബ്ദമായ ഓർമ്മയായി.

അക്ഷര ബാലാജി

ക്ലാസ്സ് : 8 B

# ലോകം കാണും മായാകാഴ്ചകൾ

ഇന്ന് ഞാനൊരു ആപത്തിലാണ് പക്ഷേ അവിടെയും ഞാൻ സന്തോഷത്തിലാണ്. ഞാൻ അന്ന എനിക്ക് 16 വയസ്സുണ്ട്. ഒരുനാൾ എല്ലാം നഷ്ടപ്പെട്ടപ്പോൾ രക്ഷപ്പെടാനായി ഓടിയെത്തിയതാണ് ഞാൻ. പണത്തിനുവേണ്ടി ഓടിയ ഓട്ടത്തിൽ ഞാൻ എത്തിച്ചേർന്നത് മുതലുള്ളതാണ് ഈ കഥ.

രക്ഷപ്പെടാൻ മറ്റൊരു വഴിയും ഇല്ലാതായപ്പോൾ അന്ന് ഞാൻ ഓടിയെത്തിയത് ഒരു മലയുടെ മുകളിലായിരുന്നു. അവിടെവെച്ച് അത്ഭുതകരമായ ഒരു കാഴ്ച ഞാൻ കണ്ടു. ആ കൂരിരുട്ടിൽ പ്രകാശം പരത്തിക്കൊണ്ട് തിളങ്ങുന്ന ഒരു വിളക്ക് അതിന്റെ ചുറ്റും പ്രകാശവും പ്രതീക്ഷയും ഉണ്ടായിരുന്നു. അന്ന് എനിക്ക് വഴികാട്ടി ആകാമെന്ന് അത് വാക്ക് തന്നു. ഒരുപാട് പുസ്തകങ്ങൾ ഉള്ള ഒരു ഗ്രന്ഥശാലയ്ക്ക് മുന്നിൽവച്ച് അത് അപ്രത്യക്ഷമായി. ആ വിജനതയിൽ ഞാൻ ഒറ്റയ്ക്ക് നടന്നു അവിടെ വെച്ച് ഒരുപാട് പുസ്തകങ്ങൾ ഉണ്ടായിരുന്നു അബദ്ധവശാൽ ഞാനൊന്ന് വീണു. അപ്പോഴേക്കും ഒരു പുസ്തകം എന്നോട് സംസാരിക്കുന്നു. അതെന്നെ ആകർഷിച്ചു അതിന്റെ കൂടെ എന്റെ യാത്ര തുടർന്നു.

ഒരു ശാന്തമായ മഴ അന്നേരം ഞങ്ങളെ തേടിയെത്തി ആ സമയം സ്വയരക്ഷയ്ക്കായി ആ പുസ്തകം എന്നോട് അപേക്ഷിച്ചു പക്ഷേ ഞാനത് നിരസിച്ചു. എന്റെ യാത്ര ഞാൻ സ്വന്തമായി നയിച്ചു. മുന്നോട്ടുപോയപ്പോൾ വഴി മൂന്നായി തിരിഞ്ഞു ഏറ്റവും മോശമായത് ഞാൻ തെരഞ്ഞെടുത്തു. നേരത്തെ പെയ്തമഴ കാരണം മുന്നോട്ട് ഉണ്ടായിരുന്ന പാലത്തിനു മുകളിലൂടെ വെള്ളം കയറിയിരുന്നു താഴുന്നത് വരെ കാത്തിരിക്കാതെ ഞാൻ തുടർന്നു. അത് എന്നെ തളർത്തി ക്ഷീണത്താൽ ഞാൻ താഴെ വീണു ഉണർന്നപ്പോൾ ആ പാലം അവിടെ ഉണ്ടായിരുന്നില്ല ഞാൻ സ്വയം ഒന്ന് ആശ്വസിച്ചു മുന്നോട്ടു വീണ്ടും യാത്ര തുടർന്നപ്പോൾ വഴി അഞ്ചായി പിരിഞ്ഞു. അവിടെ നിന്ന് വീണ്ടും മോശമായ ഒന്നിനെ ഞാൻ തിരഞ്ഞെടുത്തു. അത് ചെന്ന് അവസാനിച്ചത് ഞാൻ നേരത്തെ കടന്നുവന്ന പാലത്തിലേക്ക് ആയിരുന്നു. ആ പാലം ഇപ്പോൾ അവിടെയില്ല.

ചാഞ്ഞു കിടന്ന മരത്തിന്റെ സഹായത്തോടെ അപ്പുറത്ത് എത്താമെന്നായിരുന്നു പദ്ധതി. പക്ഷേ സംഭവസമയം ഒരടി പതറി ഞാൻ താഴേക്ക് പോകുന്നു. ഒരു നായകനെ പോലെ ആരെങ്കിലും വരുമെന്ന് കരുതി അതും തെറ്റി. താഴെ എത്തിയപ്പോൾ വിളക്കെന്നെ കണ്ട് ഞാൻ അത് മറികടക്കുന്നത് വരെ ഇത് ഇങ്ങനെ തുടരും. പലതവണ വീണു ഒരിക്കൽ കൂടി അതേ വഴികളിലൂടെ സഞ്ചരിച്ചു .

പക്ഷേ ആ പുസ്തകത്തെ കണ്ടില്ല അത് ഞാൻ മറികടന്ന് സന്ദർഭത്തിൽ ആ പുസ്തകം മഴ നനഞ്ഞു കിടന്നു എനിക്കെന്ന പോലെ ഒരു പേജ് മാത്രം മിച്ചം ആ പേജ് എന്റെ വലത്തോട്ട് ചൂണ്ടിക്കാണിക്കുന്നു. അതിന്റെ ആജ്ഞപ്രകാരം ഞാൻ അങ്ങോട്ട് പോയി എനിക്ക് മറികടക്കാൻ ഒരു വഞ്ചിയും വലിയൊരു കടലും ഞാൻ തുഴഞ്ഞു അവസാനത്തിലേക്ക് ആയപ്പോൾ എന്റെ കാല് എങ്ങനെയോ വഞ്ചിയുടെ ഹോളിൽ കൂടെ പുറത്തു പോയി തിരിച്ചെടുത്തപ്പോൾ അത് അവിടെ ഉണ്ടായിരുന്നില്ല.

എന്റെ ചുറ്റുമുള്ള വെള്ളം ചുവപ്പു നിറമായി ഒരു മഞ്ഞുള്ള സ്ഥലത്ത് വഞ്ചി നിന്നു ദൂരെ ഒരു വശത്ത് സ്വർഗ്ഗത്തിലേക്കുള്ള വാതിൽ മറുവശത്ത് തെറ്റുകൾ തിരുത്തി ജീവിക്കാൻ ഒരു അവസരം കൂടി ജീവിക്കാൻ വേണ്ടി കളിച്ച ഈ കളിയിൽ മരണമാണ് പ്രതിഫലം എങ്കിൽ ഞാനത് സ്വീകരിക്കുന്നില്ല എന്റെ ജീവിതം ഞാൻ തിരികെ ചോദിച്ചു ഞാനിപ്പോൾ ഒളിവിലാണ് എന്റെ എല്ലാ നഷ്ടങ്ങളും നികത്താൻ ആകുന്നത് വരെ ഞാൻ അധ്വാനിക്കും പണം അതെനിക്ക് നഷ്ടങ്ങൾ മാത്രമേ തന്നിട്ടുള്ളൂ എങ്കിലും അതിനു വേണ്ടി ഞാൻ ഇനിയും കഷ്ടപ്പെടും.

കാവ്യാ എസ്

ക്ലാസ്സ് : 9 ബി

# മനുവിന്റെ സ്വപ്നം

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു കുട്ടി ഉണ്ടായിരുന്നു. അവന്റെ പേര് മനു എന്നാണ്. അവന്റെ ആഗ്രഹം ആകാശം മുഴുവൻ പറന്ന് കാഴ്ചകൾ കാണാനായിരുന്നു. എന്നാൽ അവന് നടക്കാൻ സാധിക്കില്ലായിരുന്നു,അവൻ എന്നും സങ്കടപ്പെടുമായിരുന്നു. അവന് ഒന്നിനും സാധിക്കില്ല ഒരാളുടെ സഹായമില്ലാതെ.

അവൻ കിടന്നു ഉറക്കത്തിൽ നിന്ന് എഴുന്നേറ്റു അവൻ പെട്ടെന്ന് പേടിച്ചുപോയി. അവന്റെ അടുത്ത് ആരുമില്ല ആകെ ഒരു മഞ്ഞുമൂടിയതുപോലെ അവനു ചുറ്റും കിടക്കുന്നു. പെട്ടെന്ന് അവൻ ഒരു മാലാഖയെ കണ്ടു.


ആ മാലാഖയും അവനുമായി സൗഹൃദത്തിലായി അവന്റെ ആഗ്രഹം മാലാഖ നിറവേറ്റി കൊടുത്തു. അവനെ കൊണ്ട് ഒരു മേഘത്തിൽ നിർത്തി അവൻ നിന്നു അവൻ പറഞ്ഞു ആകാശം ചുറ്റി മാലാഖയും കൂടെ ആ ഒരു ദിവസം അവൻ സന്തോഷിച്ചു.

അവൻ പെട്ടെന്ന് കണ്ണുതുറന്നു നോക്കിയപ്പോൾ എല്ലാം സ്വപ്നം. അതിനുശേഷം അവൻ നടന്നു തുടങ്ങി.

അനാമിക പി എസ്
ക്ലാസ്സ് : 10 എ

കവിത

# വായന ചങ്ങാതി



പുഞ്ചപ്പാടത്ത് ഇറങ്ങി ചെളിയിലൂടെ
ഒളിച്ചിരിക്കുന്ന മീനുകളെ പോലെ
നിറഞ്ഞു കവിയുന്ന നിറമാർന്ന
അറിവിന്റെ നിറകുടമാണ് പുസ്തകം
മനുഷ്യരുടെ മനസ്സിനെ ആഴത്തിൽ
സന്തോഷം കവരാൻ കഴിയുന്നവയാണ്
നിറമാർന്ന പുസ്തകങ്ങൾ
എന്നുമെൻ പുസ്തകത്താളിൽ
മയങ്ങുന്ന നന്മതൻ പീലിയാണ് അറിവ്
കടലാസ് തോണിയെ പോലെ
ബാല്യത്തിൽ ഒരു നല്ല ഓർമ്മയായി
പുസ്തകം നിറത്തിങ്കൾ ആയി തെളിയുന്ന
സൂര്യനായി തഴുകി ഉറക്കം ഉണർത്തുന്ന തീജ്വാലയാണ് അക്ഷരം

ശിവാനി എ ആർ
ക്ലാസ്സ് : 8 എ

# സൗഹൃദം

ഒരിടത്ത് രണ്ടു കുട്ടികൾ ഉണ്ടായിരുന്നു. അവർ സ്കൂളിൽ പോകുന്നതും വീട്ടിൽ വരുന്നതും ഒരുമിച്ചായിരുന്നു. ഒരു കുട്ടിയുടെ പേര് കാത്തു, അടുത്ത കുട്ടിയുടെ പേര് മിന്നു. ഇവർ വളരെ നല്ല ആത്മബന്ധത്തിലാണ് മുന്നോട്ടുപോയത്. അവർ ഇരുവരും മൂന്നാം ക്ലാസ് മുതൽ ഒരുമിച്ച് ആയിരുന്നു പഠിച്ചത്.

മിന്നുവിന് കാത്തു ഇല്ലാതെ ഒരു ദിവസം പോലും തള്ളിനീക്കാൻ കഴിയില്ലായിരുന്നു. അത്രയ്ക്ക് മിന്നുവിന് കാത്തുവിനെ ഇഷ്ടമായിരുന്നു. അങ്ങനെയിരിക്കെ ക്ലാസിൽ ഒരു ദിവസം മിന്നുവിനെ എല്ലാവരും ഒറ്റപ്പെടുത്തുകയും കരയിപ്പിക്കുകയും ചെയ്തു. കാത്തു എല്ലാ പ്രശ്നങ്ങൾക്കും കൂടെ നിൽക്കും. അവർ ഇരുവരും ഒരു കൂടപ്പിറപ്പിനെ പോലെയാണ്.



ഒരു ആത്മാർത്ഥ സുഹൃത്ത് എന്നാൽ, എന്ത് പ്രശ്നം വന്നാലും കൂടെയുണ്ടാകും എന്ന വാക്കാണ് ഓരോ സുഹൃത്ത് ബന്ധത്തിനെയും നിലനിൽക്കുന്നത്. അവളുടെ ഏത് പ്രശ്നത്തിലും ഇരുവരും ഒരുമിച്ച് നിൽക്കും. മിന്നുവിനെ ക്ലാസ്സിൽ ഒറ്റപ്പെടുത്തി എങ്കിൽ പോലും കാത്തു കൂടെയുണ്ടായിരുന്നു.

ഓരോ സൗഹൃദങ്ങളും നിലനിൽക്കുന്നത് ഒത്തൊരുമ സ്നേഹം, സഹതാപം, ദേഷ്യം ഇതെല്ലാം ഉള്ളപ്പോഴാണ് സൗഹൃദങ്ങൾ എന്നും നിലനിൽക്കുന്നത്.

വൈഷ്ണവി ബി എൻ
ക്ലാസ്സ് : 10 എ

യാത്രാവിവരണം

# കുളിരിൽ മലകൾക്കിടയിൽ ഞാൻ

അങ്ങ് തെക്ക്, തെക്കൻ മലകളുടെ മടിത്തട്ടിലേക്ക് ഞാൻ യാത്രയാകുന്നു. വളരെ മനോഹരമേറിയ നിമിഷങ്ങൾ കോർത്തിണക്കിയ യാത്ര. മൂന്നാറിൽ മലകളുടെ മദ്ധ്യത്തിൽ ഞാൻ ഒരു പ്രപഞ്ചം കീഴടക്കിയ പക്ഷിയെ പോലെ പാറിപ്പറന്ന് നടക്കുകയുണ്ടായി. ഞാൻ എത്തിയത് അറിഞ്ഞില്ല.

പാവം കുറിഞ്ഞി പൂക്കൾ ഞാൻ വരുന്നതിന് മുൻപ് തന്നെ അവർ യാത്രയായി. അത് കുളിരൻ സുന്ദര സുഫല നിമിഷങ്ങൾ ആയിരുന്നു. മൂന്നാറിലെ തേയില തോട്ടങ്ങൾ എന്നെ നോക്കി ചിരിക്കുകയുണ്ടായി. അവരുടെ പൊട്ടിച്ചിരികൾ എന്റെ കാതിൽ മന്ത്രിച്ചു.

പാലുകൾ പോലെ അരുവികൾ ഒഴുകിയ നിമിഷങ്ങൾ, പൂന്തോട്ടങ്ങൾ പുഞ്ചിരിച്ചു നിന്ന് നിമിഷം എന്ത് മനോഹരമേറിയതാണ്. അവ മൂന്നാർ എന്ന സ്വപ്നം, അത് എന്റെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്ന ഒരു യാത്രയാണ് എത്ര കണ്ടാലും മതിവരാത്തതാണ് അവ.

അശ്വിനി എ ആർ
ക്ലാസ്സ് 8 A

# കാണാകാഴ്ചകൾ

അന്നത്തെ മഴയുടെ സ്വരത്തിന് കണ്ണീരിന്റെയും വേദനയുടെയും നനവായിരുന്നു. ഗംഗ ഒരു പാവപ്പെട്ട വീട്ടിലെ കുട്ടിയായിരുന്നു. അവൾക്ക് യാത്ര പോകുന്നതും കാഴ്ചകൾ കാണുന്നതും വളരെയധികം ഇഷ്ടമുള്ള കാര്യമായിരുന്നു. എന്നാൽ അവൾക്ക് അതിന് സാധിച്ചിരുന്നില്ല. കാരണം, അതിനുള്ള പൈസ അവളുടെ കയ്യിൽ ഉണ്ടായിരുന്നില്ല. അവൾ വളരെ നന്നായി പഠിക്കുന്ന ഒരു കുട്ടിയാണ്.

അങ്ങനെ അവൾക്ക് വിദേശത്ത് പോയി പഠിക്കാൻ ഒരു അവസരം കിട്ടി. അവൾ വളരെയധികം സന്തോഷിച്ചു. കാരണം ഇതിലൂടെ അവളുടെ രണ്ട് സ്വപ്നങ്ങളാണ് സഫലമാകുന്നത്. ഒന്ന് അവൾക്ക് യാത്ര പോകണം എന്നുള്ളത്, രണ്ട് അവൾക്ക് പഠിക്കാനുള്ള അവസരവും. പക്ഷേ അതിനുള്ള പണം അവരുടെ കയ്യിൽ ഇല്ലാത്തതിനാൽ അവളുടെ ആ സ്വപ്നം സ്വപ്നമായി തന്നെ തുടരുകയുള്ളൂ എന്ന് അവൾക്ക് മനസ്സിലായി.

എന്നാലും അവളുടെ ഉള്ളിൽ ഒരു പ്രതീക്ഷയുടെ ഒരു ചെറിയ തീ ജ്വാല ഉണ്ടായിരുന്നു. എങ്ങനെയെങ്കിലും പോകാൻ സാധിച്ചാലോ എന്ന്, അവളുടെ വീട്ടുകാർ ഉറപ്പിച്ചു പറഞ്ഞു വിദേശത്ത് വിട്ട് പഠിപ്പിക്കാനുള്ള പൈസ ഒന്നും കയ്യിലില്ലെന്ന്. അവർക്ക് അവരുടെ ഒരു നേരത്തെ ആഹാരം പോലും വളരെ കഷ്ടിച്ചായിരുന്നു കിട്ടിയിരുന്നത്. അങ്ങനെ ഒടുവിൽ അവൾക്ക് മനസ്സിലായി വിദേശത്ത് പോയി പഠിക്കാനുള്ള തന്റെ സ്വപ്നം വെറും സ്വപ്നമായി തന്നെ തുടരുമെന്ന്.

അവൾക്ക് വളരെയധികം വിഷമമായി കാരണം അവൾക്ക് ഈ നാട്ടിൽ ഇങ്ങനെ തന്നെ പാവപ്പെട്ടവരായി ഇരുന്ന് തന്നെ മരിക്കാനായിരിക്കും അവളുടെ വിധിയെന്ന് അവൾ സ്വയം മനസ്സിൽ പറഞ്ഞു. അങ്ങനെയിരിക്കെ രണ്ടുമാസം കഴിഞ്ഞപ്പോൾ അവൾക്ക് ഒരു കല്യാണ ആലോചന വന്നു. അവളുടെ സൗന്ദര്യം കണ്ടാണ് അവൾക്ക് ആലോചനയുമായി അവർ വന്നത്.

എന്നാൽ അവരുടെ സാമ്പത്തിക അവസ്ഥ കണ്ടപ്പോൾ ആലോചനയുമായി വന്ന ചെറുക്കനത് ഇഷ്ടമായില്ല. അവളെ അവൻ ഒട്ടും താല്പര്യമില്ലാതെ കല്യാണം കഴിച്ചു. അവൻ എന്നും അവളെ സ്ത്രീധനം നൽകാത്തതിന്റെ പേരിൽ ഉപദ്രവിക്കുകയും, അവളെ മാനസികമായും ശാരീരികമായും ഉപദ്രവിക്കുമായിരുന്നു. സഹികെട്ട് അവൾ തൂങ്ങിമരിച്ചു.

അതിനുശേഷം അവൻ രണ്ടാമത് സമ്പന്നയായ ഒരു യുവതിയെ വിവാഹം കഴിച്ചു. എല്ലാ സ്ത്രീകൾക്കും അവരുടേതായ ആഗ്രഹങ്ങൾ ഉണ്ട് . അവരെ സ്വതന്ത്രമായി പഠിക്കാൻ അനുവദിക്കുക.

നന്ദിത സുരേഷ്

ക്ലാസ്സ് : 9 ബി

കവിത

# സപ്തവർണ്ണക്കാഴ്ച

അന്തിമയങ്ങുമൊരാ നേരമെൻ ജാലകപ്പ-
ഴുതിലൂടുളിഞ്ഞു നോക്കുമെൻ നയന-
ങ്ങളിലുള്ളൊരാ കരിനി നിറമെന്തേക്കാ-
ണിച്ചൊരേഴു നിറക്കാഴ്ച !
വാനവില്ലിനെ വെല്ലുമൊ നയന-
മനോഹരമാം ദൃശ്യം ;
ജീവിതമാകുമോരാ മാഴത്താഴി-
ലെനിക്കൊരു കൈവിളക്കു-
മേന്തി വന്നൊരാ ദൃശ്യം.
എൻ മനമാകുമോരാ മണിവീണ-
തൻ താളപ്പിഴവിൽ, ശ്രുതി ചേർ-
ത്താലപിച്ചൊരാ വർണ്ണഗീതം.
കനൽക്കാറ്റിൽ തരികൾ
ആഞ്ഞുവീശി ഉലഞ്ഞു പോയയൊരെൻ
ഹൃദയത്തിൽ വർണ്ണമഴ തൂകി-
യോരെൻ ചാരുദൃശ്യം.
അതിനെ കണ്ടു കൺ നിറയുന്നതിനു
മുൻപേ മായ്ച്ചകറ്റി.....മായ്ച്ചകറ്റി
ആ നിമിഷ നേരമെൻക്കണ്ണിലെ
കരി നിറക്കാഴ്ചകളൊക്കെയോ വന്നുചേർന്നു.

ദേവിക കിഷോർ
ക്ലാസ്സ് : 9 A

കവിത

# പ്രിയമുള്ള ഒരാൾ

താഴിട്ട് പൂട്ടിയോരെൻ ഹൃത്തിനെ
പാതിചാരി നീ കടന്നുപോയി
ആ നേരം എൻ നയനങ്ങൾ
നിനക്കായി ഓടി നടന്നു...
കോടമഞ്ഞായി കിടന്നൊരെൻ ഹൃത്തിൽ
പാതിമാഞ്ഞ മഞ്ഞായി നീ കടന്നുവന്നു
ഒരിളം കാറ്റായി എൻ ചിത്തം
നീ തുറന്നു കയറി...
പാതി ചിറകൊടിഞ്ഞ ശലഭമായി
ഞാൻ പാറവേയൊരു
തേനൂറും പൂവായ്
നീ മണം പരുത്തി...
ഇത്രമാത്രം നീ എനിക്കു തന്നിട്ടും,
എന്തേ നീ എൻ മുന്നിൽ
ഇന്നുവരെയും വന്നില്ല?

ഗൗരി എ ആർ
ക്ലാസ്സ് : 9 A

കവിത

# മിഴികളിലെ ജ്വാല

"ജീവിതമാകുന്ന സീമന്തരേഖയിലെ ഒരു
നേർത്ത മഞ്ഞുതുള്ളിയാണെന്റെ സ്വപ്നം"
എൻ സിരയിലൂടെ പ്രവഹിക്കുന്ന രക്തഗണങ്ങളിലെ
ചുംബനസ്പർശം ഞാൻ അറിയാതെ പോകുന്നു!
രാവിന്റെ നിശാഗന്ധി എന്നോട് നിശാഗന്ധി
എന്നോട് ചോദിച്ചതുമൊരു ചുംബനം... .!
"ജീവിതത്തിന്റെ നേർരേഖയാണെന്റെ മൃദുല സ്വപ്നങ്ങൾ...
"അഗ്നിയിൽ വെന്തുരുകുമ്പോൾ എൻ സ്വപ്നം
അണയുകയാണോ... .!
കാലത്തിന്റെ ഇരുണ്ട വഴികളിലൂടെ സഞ്ചരിക്കുമെൻ
ജീവിതത്തിന്റെ പടവുകൾ വിരളമാവുകയാണോ?"
"എൻ ഹൃദയതാളുകളിലെ സൂര്യകിരണങ്ങൾ
വിട പറയുന്നു മാരുതൻ തൻ ഗതി മാറ്റുകയാണോ ?
വെളിച്ചമെങ്കിൽ ഉണരുന്നില്ല... . അന്ധകാരം
എന്നിൽ വെന്തുരുകയാണോ ഹൃദയത്തിന്റെ
ജാലകങ്ങൾ എന്നിലോരു തീരാവേദന
ചന്ദനത്തിൻ സുഗന്ധം എൻ കിനാവുകളിലെ തൂവെള്ള... ..
പാടാത്ത പാട്ടിന്റെ ഈണങ്ങൾ.. കേൾക്കാത്ത
ശ്രുതിയുടെ തരംഗങ്ങൾ... .സ്വപ്നമെന്നിൽ മിന്നൽ
പിളർപ്പാണോ... മനസ്സിന്റെ സാഗരമൊരു ചെറു
പുഷ്പമായി വിടരുകയാണോ കാലം മായ്ക്കാത്ത
എൻ ജീവിതരേഖ...
എൻ ഹൃദയത്തിലെ സപ്തസ്വരങ്ങൾ
പൂങ്കായി വിടരുകയാണോ

എൻ സ്വപ്ന പുസ്തകത്തിന്റെ നവരത്നങ്ങൾ
കിരണങ്ങളായി മാറുന്നില്ലല്ലോ
ലക്ഷത്തിൻ പടവുകൾ എൻ കരങ്ങളിൽ
തൂവൽ സ്പർശമാവുന്നുവോ... .
ജ്വലിച്ചു പുണരുന്ന എൻ സ്വപ്നത്തിന്റെ
കവാടങ്ങൾ ഞാൻ തുറക്കുകയാണോ
എൻ ജീവശ്വാസമാണെന്റെ സ്വപ്നം...
കൈമുഷ്ടി തൻ ഐക്യമാണെന്റെ സ്വപ്നം..
എൻ ഹൃദയത്തിന്റെ കുളിർക്കാറ്റാണെന്റെ സ്വപ്നം
ചിത്രത്താഴുകയാണെന്റെ സ്വപ്നം...
ഏകാന്തതയിലെ അന്ധകാരം...
പൊട്ടിപ്പുറപ്പെട്ട വെളിച്ചമാണെന്റെ സ്വപ്നം
എൻ ഹൃദയത്തിന്റെ പൂങ്കാവനമാണെന്റെ കിനാവ്
എൻ മിഴിയിലെ ക്രന്ദനമാണെന്റെ സ്വപ്നം
ജീവിതത്തിന്റെ മുത്തുമണികളാണെന്റെ സ്വപ്നം
മനസ്സിന്റെ മജ്ജയാണെന്റെ സ്വപ്നം
എന്റെ അടയാളമാണെന്റെ സ്വപ്നം

സൗപർണിക വിഎസ്
ക്ലാസ്സ് : 9 ബി

കവിത

# കിനാവ്

വിഷാദമായ ചിന്തകൾ മനസ്സിൽ ഒളിഞ്ഞുകിടക്കുന്നു
ശാന്തസ്വരൂപത്തോടെ ഇരുട്ടിന്റെ മറവിൽ
താഴ്ന്നിറങ്ങുന്ന വേരുകളാണ് അവ
കാർമേഘം വന്നു മൂടുന്നു ചെറിയ മഴ ചാറ്റലോടെ
കിനാവ് കാണാനായി മനോധൈര്യത്തോടെ
കുറുകുന്ന മാടപ്രാവുകളെ പോലെ
ചിത്രമാകുന്ന ജീവിതത്തോടെ മാഞ്ഞുപോകാത്ത
അറിവുകൾ പോലെ നിറം പടർത്തുന്നവയാണത്
തുടക്കം മനോഹാരിതയിൽ മുങ്ങിത്തപ്പോൾ
ദേശാടനം കഴിയാത്ത കിളികളെപോലെ
പ്രവചനാതീതമായ ഓരോ ചിന്തകൾ ,
അണപൊട്ടിയൊഴുകുന്നതു പോലെ തോന്നുന്നു.
രാപ്പകൽ എന്നില്ലാതെ ഉറക്കം നടിച്ച് ജീവിക്കുന്നു
സംഗീതം ആശ്വാസകരമാണെന്ന് തോന്നാത്ത
മനോഭാവം ഇരുളും മാറ്റുന്നുവെന്ന് തിരിച്ചറിയുന്നു
ജീവിതമായ ഈ ഗാനത്തിൽ അലിഞ്ഞുചേരുന്നു
നീലശൈലങ്ങൾ മഞ്ഞുതുള്ളികൾ പോലെ
മനസ്സിൽ താഴുന്നു മണികളെ ബന്ധിപ്പിക്കുന്നതുപോലെ
ആരോമൽ താഴ്വാരങ്ങൾ കാറ്റിന്റെ സ്വരം മൂളുന്നു
രാഗസാന്ദ്രമായ ആഴക്കടലിൽ മുങ്ങുമോയെന്ന
ചോദ്യം മനസ്സിലും ഉടനീളം.
മിന്നിക്കത്തുന്ന മിന്നാമിനുങ്ങുകൾ പോലെ
വിതുമ്പുന്ന പുഞ്ചിരികളോടെ ചില
നാടകങ്ങൾ പോലെ തോന്നുന്നു

മാറിമാറി വരുന്ന കാലാവസ്ഥകൾ ചായം മൂടുന്നൊ
അതിന് ഉപയോഗപ്രദമായിരിക്കുമോയെന്ന്
മണിമാളികയിൽ കയറിയിരുന്നുവെങ്കിലും
ചില മനസ്സുകളെ കാണാതെ പോകണ്ടായിരുന്നു
ജീവിതത്തിന്റെ ഭംഗി ചേർന്ന് കിടക്കുന്ന
ആ പുഞ്ചിരി തൂകിയ മുഖം എന്നും മനസ്സിൽ

ഗൗരി നന്ദന ജെ വി
ക്ലാസ്സ് : 9 ബി

# താളുകൾ മറിയുമ്പോൾ

കിഴക്കുനിന്ന് സൂര്യന്റെ പൊൻവെളിച്ചം തെളിയുകയായി, വിടരുവാൻ കാത്തിരുന്ന പൂമൊട്ടുകൾ വിടർന്ന് തങ്ങളുടെ ഉള്ളിൽ ഒളിപ്പിച്ചു വെച്ചിരുന്ന സൗരഭ്യം ശലഭങ്ങളെ അറിയിച്ചു. കൂടുവിട്ട് പക്ഷികൾ തങ്ങളുടെ കുഞ്ഞു ചുണ്ടുകൾ ഉയർത്തി ഭക്ഷണത്തിനായി നിൽക്കുന്ന കുഞ്ഞു പക്ഷികളെ ഓർത്ത് ഭക്ഷണം തേടി ആകാശം നീല എന്ന വർണ്ണശോഭയിൽ വരുന്നതിനു മുമ്പ് തന്നെ അനന്തമായ ആകാശത്തിലേക്ക് പറന്നുപൊങ്ങിയ പക്ഷി കൂട്ടങ്ങൾ. പ്രഭാതം പൊട്ടി വിടർന്നു എന്നു വിളിച്ചോതുന്ന കോഴികൾ.

വീടുകളിൽ നിന്ന് പാത്രങ്ങളുടെ ശബ്ദകോലാഹലങ്ങൾ മുഴങ്ങിക്കേട്ടു തുടങ്ങി. പക്ഷേ ഈ മനം കവർന്നെടുക്കുന്ന കാഴ്ചകൾ ഒന്നും തന്നെ കാണുവാൻ രാമൻ ഒരുക്കമായിരുന്നതെയില്ല തന്റെ പൊന്നോമനക്കുഞ്ഞ് എപ്പോൾ തന്റെ കരങ്ങളിൽ വന്നുചേരും എന്ന ചിന്ത മാത്രമായിരുന്നു അവന്റെ മനസ്സുനിറയെ കളിയാടിയിരുന്നത്. ഒടുവിൽ കാത്തിരിപ്പ് വിരാമം കണ്ടു.

രാമന് കുഞ്ഞു പിറന്നിരിക്കുന്നു ചോരയിൽ കുളിച്ച മെയ്യും ലാളിത്യം തുളുമ്പുന്ന മിഴിയും പൂമൊട്ടുപോൽ ആദരവും ആയിരുന്നു തന്റെ പെൺപുലിക്ക് എന്ന് ആദ്യം തന്നെ ഒറ്റനോട്ടം കൊണ്ട് അവൻ തിരിച്ചറിഞ്ഞു. കാതങ്ങൾ മുന്നോട്ടു നീങ്ങി നിധി വളർന്ന് പേടമാൻ മിഴികളും ചെമ്പനീർ പൂവിൻ അധരവും ചന്ദനക്കുറി തൊട്ട് കൈകളിൽ മണിനാദം ഉയർത്തും കുപ്പിവളകളും കാർകൂന്തലുകളിൽ മുല്ലപ്പൂവും ചൂടി കാതിൽ കമ്മലുകൾ അണിഞ്ഞ് ആരും നോക്കിപ്പോകുന്ന ഒരുവൾ ആയിരുന്നു നിധി.

മോളെ നിധി, എഴുന്നേൽക്കടി സ്കൂളിൽ പോകാൻ സമയമായില്ലേ നിനക്ക് എന്ന് പറഞ്ഞുകൊണ്ട് ജാനകി നിധിക്ക് കഴിക്കാൻ ആഹാരവും കുടിക്കാൻ വെള്ളവും അവൾ നേരത്തെ ഒരുക്കിയിരുന്നു. അച്ഛന്റെ സുന്ദരി കൊച്ച് ഇന്ന് സ്കൂളിൽ പോവുകയാണോ... രാമു അവളെ വാരിയെടുത്ത് ഉമ്മ വെച്ച് അവളുടെ കവിൾത്തടം ചുവന്നു പൊങ്ങി അച്ഛന്റെ ബൈക്കിൽ ഇരുന്ന് അവൾ തന്നെ പരിഭവവും സങ്കടങ്ങളും അച്ഛനോട് പറഞ്ഞു കേൾപ്പിക്കുന്ന കാഴ്ച ആരും ഒന്ന് കണ്ടു നിന്നു പോകും. സ്കൂളിൽ പോയാൽ വീട്ടിൽ വരാൻ ബെല്ലു മുഴങ്ങുന്നതും കാത്തിരിക്കുമായിരുന്നു.

അവൾ അച്ഛന്റെ ബൈക്കിന്റെ പുറകിൽ ഇരുന്ന് സ്റ്റാറായി തന്റെ സൂപ്പർഹീറോയെ കെട്ടിപ്പിടിച്ചുള്ള പോക്കിനും ആയി കാലങ്ങൾ മുന്നോട്ടു നീങ്ങുന്നതിന് ഒപ്പം

പുസ്തകത്താളുകളും മറിഞ്ഞു ഇന്ന് സ്കൂളിൽ ഏറ്റവും സന്തോഷത്തിന്റെ നാളാണ് കലോത്സവം !

തന്റെ മത്സരയിനങ്ങൾ അച്ഛനു ചൊല്ലിയും അവതരിപ്പിച്ചും അവൾ ആനന്ദം കണ്ടെത്തി. പതിവിലും നേരത്തെ തന്നെ അച്ഛന്റെ ബൈക്കിന്റെ പുറകെ അവൾ തന്റെ സ്ഥാനം ഉറപ്പിച്ചിരുന്നു. മണൽ കൊട്ടാരം പോലെ അവളിൽ സ്വപ്നങ്ങൾ തകരുന്ന ദിനം എന്ന് അവൾക്ക് അറിയില്ലായിരുന്നു. ബൈക്ക് സ്റ്റാർട്ട് ചെയ്തു തുടങ്ങിയതും അവളുടെ വിശേഷങ്ങളുടെ കെട്ടും പൊട്ടിപ്പോയി.

അച്ഛനറിയുമോ ഇന്ന് ഞാൻ എല്ലാത്തിനും ഒന്നാം സമ്മാനം വാങ്ങുമല്ലോ. ഞൊടി ഇടയിലായിരുന്നു അത് സംഭവിച്ചത്. ആംബുലൻസ്, പോലീസ് വണ്ടിയും അവൾ ആകെ പരിഭ്രമിച്ചു പോയി. ഒടുവിൽ ഒരു ഞെട്ടലോടെ അത് അറിഞ്ഞു. വാഹന അപകടം ഞങ്ങൾക്ക് സംഭവിച്ചു. പക്ഷേ, എന്താ അച്ഛൻ കണ്ണ് അടച്ചു കിടക്കുന്നേ, എല്ലാവരും എന്താ എന്നെ നോക്കി നോക്കുന്ന സഹതാപ വാക്കുകൾ പറയുന്നേ?

അച്ഛാ നമുക്ക് വേഗം ഇവിടെ നിന്ന് പോയാലോ, കലോത്സവം തുടങ്ങിയാലും നമ്മൾ അവിടെ എത്തില്ല അല്ലെങ്കിൽ... അച്ഛാ മതി ഉറങ്ങിയെ അച്ഛാ മോൾക്ക് പേടിയാവുന്നു... അച്ഛൻ ഒന്ന് കണ്ണുതുറക്ക്! അച്ഛാ... ഒടുവിൽ പതിയെ അവൾ തിരിച്ചറിഞ്ഞ് തന്നോട് ഒപ്പം തന്റെ സൂപ്പർ ഹീറോ ഇനിയില്ല... അവൾ ഹൃദയം പൊട്ടി കരഞ്ഞുപോയി.

ട്വിങ്കിൾ ടി എസ്
ക്ലാസ്സ് : 8 A

# ഒരു വേനൽക്കാല പ്രണയം

ഒരു വേനൽ കാലം, നീലി അവളുടെ വേനൽക്കാലം മുഴുവനും ആഘോഷിക്കുന്നത് അവളുടെ മുത്തശ്ശിയുടെ വീട്ടിൽ നിന്നാണ്. ഓണപ്പരീക്ഷ, ക്രിസ്തുമസ് പരീക്ഷ അങ്ങനെ എല്ലാം കഴിഞ്ഞ് അവസാനം വാർഷിക പരീക്ഷ എല്ലാം കഴിഞ്ഞ സന്തോഷമാണ് അവൾക്ക്. പക്ഷേ, അവൾ അവനെ ഓർക്കുമായിരുന്നു. അപ്പോഴാണ് മീലിയുടെ മുത്തശ്ശി വിളിക്കുന്നത്. ഇനി പത്താം ക്ലാസിൽ പോകുന്ന സന്തോഷം അവൾക്കുണ്ടായിരുന്നു. എന്നാലും അവൾ ആഗ്രഹിക്കുന്നത് താൻ സ്നേഹിക്കുന്നയാൾ അവിടെ നിന്ന് പോകല്ലെയെന്നാണ്.

അങ്ങനെ അവധിക്കാലം കഴിഞ്ഞു സ്കൂൾ തുറന്നു. അവൾ സ്കൂളിൽ തിരഞ്ഞത് അവനെയാണ്. ഒരാളുടെ പേര് പോലും അറിയാതെ ഒരാളെ ഇങ്ങനെ സ്നേഹിക്കാൻ പറ്റുമോ എന്നും, അവനെ കാണാൻ പറ്റുമൊയെന്നും അവൾ ചിന്തിച്ചു. അങ്ങനെ ഒരു ദിവസം അവൾ പോലും അറിയാതെ അവൻ അവളുടെ പുസ്തകം എടുത്തു. അതറിഞ്ഞു മീലി കുറെ സന്തോഷിച്ചു. അവൾ പേര് അങ്ങനെ അറിഞ്ഞു. അരുൺ എന്നാണ് അവന്റെ പേര്. ഒരു വേനൽക്കാലത്താണ് അവൾ അവനെ കാണുന്നത്. ആദ്യം കണ്ടപ്പോൾ തന്നെ അവൾ അവന്റെ മുഖം മനസ്സിൽ കയറ്റി. പക്ഷേ ആ സ്നേഹം നീണ്ടുനിന്നില്ല. അവന് വേറെ ഒരു സ്നേഹമുണ്ടായിരുന്നു അത് മീലി അറിഞ്ഞ നിമിഷം അവളുടെ ഹൃദയം തകർന്നുപോയി. അന്നുമുതൽ അവൾ അവന്റെ മുഖം ഹൃദയത്തിൽ നിന്ന് അകറ്റി മാറ്റി. ചിലപ്പോൾ അരുണിനെ പറ്റി ചിന്തിക്കുന്നത് ഒരു വേനൽക്കാലം ആകുമ്പോഴാണ്. കിട്ടില്ല എന്ന പ്രണയം ആണ് ഏറ്റവും സ്നേഹം നിറഞ്ഞത് എന്ന് നമ്മുടെ കഥാപാത്രമായ മീലി പറയുന്നു.

അഭിനന്ദനങ്ങൾ എ ബി

ക്ലാസ്സ് : 10 A

# സഹായത്തിന്റെ ശക്തി

ഒരിടത്തൊരു കൊച്ചു ഗ്രാമത്തിൽ ആവണി എന്നു പേരായ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾ ഒരു ദരിദ്രകുടുംബത്തിലെ കുട്ടിയായിരുന്നു. എന്നാൽ അവൾ നല്ല പഠിക്കുകയും മുതിർന്നവരെ ബഹുമാനിക്കുകയും എല്ലാവരെയും സഹായിക്കുകയും ചെയ്യും. മറ്റുള്ള കുട്ടികൾ നല്ല വസ്ത്രങ്ങൾ ധരിച്ച് വരുമ്പോൾ ഒക്കെ അവൾ അത് നോക്കി തനിക്കും അവരെപ്പോലെ നല്ല വസ്ത്രങ്ങൾ ധരിക്കാനുള്ള ഭാഗ്യം ദൈവം നൽകിയിരുന്നെങ്കിൽ എന്ന് അവൾ അമ്മയോട് ചെന്ന് പറയും.

അപ്പോൾ അവളുടെ അമ്മ പറയും "ആവണി നീ വിഷമിക്കേണ്ട നിന്റെ വിഷമം ദൈവം കാണും". ഒരു ദിവസം ആവണി സ്കൂൾ കഴിഞ്ഞു വരുന്ന വഴി ഒരു വൃദ്ധയായ മുത്തശ്ശിയെ കാണുന്നു, ആ മുത്തശ്ശി തനിക്ക് അല്പം വെള്ളം തരുവാൻ ആവശ്യപ്പെട്ടു. എന്നാൽ മറ്റുള്ള കുട്ടികൾ വൃദ്ധയെ കളിയാക്കി. പക്ഷേ, ആവണി തന്റെ കയ്യിൽ ഉണ്ടായിരുന്ന ബാക്കി വെള്ളം മുത്തശ്ശിക്ക് കൊടുത്തു.

മുത്തശ്ശി അതു വാങ്ങി കുടിച്ച് അവളെ അനുഗ്രഹിച്ചു. നീ നന്നായി വരും മോളെ. തുടർന്ന് അവൾ വീട്ടിലേക്ക് പോയപ്പോൾ അവളുടെ അമ്മ സന്തോഷത്തോടെ പറഞ്ഞു "മോളെ നമ്മുടെ കഷ്ടകാലം മാറി ദൈവം നമ്മളെ അനുഗ്രഹിച്ചു അമ്മയ്ക്ക് ഗവൺമെന്റ് ജോലി ലഭിച്ചു."

# പഴഞ്ചൊല്ല്

**1. അല്പജ്ഞാനം ആപൽക്കരം**

ഒരു കാര്യത്തെക്കുറിച്ച് പൂർണ്ണമായി അറിയാതെ പകുതി അറിവുവെച്ച് പ്രവർത്തിക്കുന്നത് വലിയ അപകടങ്ങൾക്ക് കാരണമാകും.

**2. ആഴമറിയാതെ കാൽ വെക്കരുത്**

അപകടസാധ്യതയെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെ ഒരു കാര്യത്തിലും എടുത്തുചാടി തീരുമാനങ്ങൾ എടുക്കരുത്.

**3. ഉപ്പിനോളം വരില്ല ഉപ്പേരി**

ജീവിതത്തിലെ അത്യാവശ്യ കാര്യങ്ങൾക്കും ബന്ധങ്ങൾക്കും പകരം വയ്ക്കാൻ ആഡംബരങ്ങൾക്കോ മറ്റ് വിഭവങ്ങൾക്കോ കഴിയില്ല.

**4. കടക്കണ്ണാടി കയ്യിലിരിക്കുമ്പോൾ പുറംകണ്ണാടി നോക്കണ്ട**

സ്വന്തം കഴിവുകളും ഗുണങ്ങളും തിരിച്ചറിയാതെ മറ്റുള്ളവരെ അനുകരിക്കാൻ ശ്രമിക്കുന്നത് അനാവശ്യമാണ്.

**5. മിന്നുന്നതെല്ലാം പൊന്നല്ല**

പുറമെ കാണുന്ന തിളക്കവും ഭംഗിയും കണ്ട് ഒരു കാര്യത്തെയും വിലയിരുത്തരുത്; അതിന്റെ ഉള്ളിലെ ഗുണം നോക്കി വേണം തീരുമാനിക്കാൻ.

**6. വേലി തന്നെ വിളവു തിന്നാൽ ആരു കാക്കും?**

സംരക്ഷിക്കേണ്ടവർ തന്നെ ദ്രോഹിക്കാൻ തുടങ്ങിയാൽ പിന്നെ രക്ഷയില്ല. ഉത്തരവാദിത്തപ്പെട്ടവർ തന്നെ ചതിക്കുന്നത് ഇതിനെ സൂചിപ്പിക്കുന്നു.

**7. ചക്കിക്കൊത്ത ചങ്കരൻ**

രണ്ടുപേരും സ്വഭാവത്തിലും രീതികളിലും ഒരുപോലെ ഇണങ്ങുന്നവരാണെങ്കിൽ ഈ പഴഞ്ചൊല്ല് ഉപയോഗിക്കുന്നു.

**8. ഉള്ളതുകൊണ്ട് ഓണം പോലെ**

ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് സന്തോഷത്തോടെയും സംതൃപ്തിയോടെയും ജീവിക്കാൻ ശീലിക്കണം.

**9. താൻ പാതി ദൈവം പാതി**

നമ്മുടെ ഭാഗത്തുനിന്നുള്ള കഠിനാധ്വാനം ഉണ്ടെങ്കിൽ മാത്രമേ ബാക്കി കാര്യങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ ദൈവാനുഗ്രഹം ഉണ്ടാവുകയുള്ളൂ.

**10. ഇരുന്നിടം കുഴിക്കരുത്**

നമ്മെ സഹായിച്ചവരെയോ നമുക്ക് തണലായവരെയോ ഒരിക്കലും ദ്രോഹിക്കരുത്.

# സാങ്കേതികവിദ്യയും കൃത്രിമ ബുദ്ധിയും: മാറുന്ന ലോകം

മനുഷ്യ നാഗരികതയുടെ ഓരോ ഘട്ടത്തിലും മാറ്റത്തിന്റെ ചക്രം തിരിക്കുന്നത് സാങ്കേതികവിദ്യയാണ്. ചക്രം കണ്ടുപിടിച്ചത് മുതൽ ഇന്നത്തെ സ്പേസ് എക്സ് റോക്കറ്റുകൾ വരെ എത്തിനിൽക്കുന്ന ഈ യാത്ര മനുഷ്യന്റെ അറിവിനോടുള്ള അടങ്ങാത്ത ദാഹത്തിന്റെ ഫലമാണ്. ഇന്ന് നമ്മൾ ജീവിക്കുന്നത് സാങ്കേതികവിദ്യയുടെ നാലാം വിപ്ലവകാലത്താണ്, അവിടെ ഏറ്റവും നിർണ്ണായകമായ പങ്ക് വഹിക്കുന്നത് കൃത്രിമ ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ആണ്.

**വിരൽത്തുമ്പിലെ ലോകം**

സാങ്കേതികവിദ്യ നമ്മുടെ ദൈനംദിന ജീവിതത്തെ ലളിതമാക്കിയിരിക്കുന്നു. സ്മാർട്ട്ഫോണുകളും അതിവേഗ ഇന്റർനെറ്റും ലോകത്തെ ഒരു ചെറിയ ഗ്രാമമാക്കി മാറ്റി. വിദ്യാഭ്യാസം ക്ലാസ് മുറികളിൽ നിന്ന് മൊബൈൽ സ്ക്രീനുകളിലേക്ക് മാറി. ബാങ്കിംഗ്, ഷോപ്പിംഗ്, വിനോദം എന്നിവയെല്ലാം ഇന്ന് വിരൽത്തുമ്പിലാണ്. ആരോഗ്യരംഗത്ത് റോബോട്ടിക് സർജറികളും ടെലിമെഡിസിനും വന്നതോടെ വിദഗ്ധ ചികിത്സ എല്ലാവരിലേക്കും എത്തുന്നു.

**കൃത്രിമ ബുദ്ധി: ബുദ്ധിശക്തിയുള്ള യന്ത്രങ്ങൾ**

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ വിസ്മയമാണ് കൃത്രിമ ബുദ്ധി. മനുഷ്യനെപ്പോലെ ചിന്തിക്കാനും വിശകലനം ചെയ്യാനും തീരുമാനങ്ങൾ എടുക്കാനും യന്ത്രങ്ങളെ പ്രാപ്തമാക്കുന്ന വിദ്യയാണിത്.

ദൈനംദിന ഉപയോഗം:

നമ്മൾ ഉപയോഗിക്കുന്ന ഗൂഗിൾ മാപ്സ്, ഓൺലൈൻ പരസ്യങ്ങൾ, സിരി (Siri), അലക്സ (Alexa) തുടങ്ങിയവയെല്ലാം AI അടിസ്ഥാനമാക്കിയുള്ളതാണ്.

**ക്രിയേറ്റീവ് മേഖല:** ചിത്രങ്ങൾ വരയ്ക്കാനും സംഗീതം നൽകാനും ലേഖനങ്ങൾ എഴുതാനും ഇന്ന് AI - ക്ക് സാധിക്കുന്നു.

സുരക്ഷ: വലിയ ഡാറ്റകൾ വിശകലനം ചെയ്ത് സൈബർ ആക്രമണങ്ങൾ തടയാനും കുറ്റകൃത്യങ്ങൾ കുറയ്ക്കാനും ഇത് സഹായിക്കുന്നു.

**വെല്ലുവിളികളും ആശങ്കകളും**

ഏതൊരു വലിയ മാറ്റവും ചില ആശങ്കകൾ ഉയർത്താറുണ്ട്. സാങ്കേതികവിദ്യയുടെ അമിത ഉപയോഗം മനുഷ്യനെ മടിയനാക്കുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്.

തൊഴിൽ നഷ്ടം: റോബോട്ടുകളും AI -യും വരുന്നതോടെ സാധാരണ ജോലികൾ ഇല്ലാതാകുമോ എന്ന ഭയം വ്യാപകമാണ്.

സ്വകാര്യത: നമ്മുടെ വിവരങ്ങൾ ഡിജിറ്റൽ ലോകത്ത് എത്രത്തോളം സുരക്ഷിതമാണ് എന്നത് വലിയൊരു ചോദ്യചിഹ്നമാണ്.

ഡീപ് ഫേക്ക് (Deep fakes): യഥാർത്ഥമെന്ന് തോന്നിപ്പിക്കുന്ന വ്യാജ ചിത്രങ്ങളും വീഡിയോകളും നിർമ്മിക്കുന്നത് വലിയൊരു സാമൂഹിക ഭീഷണിയാണ്.

സാങ്കേതികവിദ്യ ഒരു ആയുധം പോലെയാണ്; അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും അതിന്റെ ഫലം. പുതിയ മാറ്റങ്ങളെ ഭയപ്പെടുന്നതിന് പകരം അവയെ ക്രിയാത്മകമായി ഉപയോഗിക്കാൻ നാം പഠിക്കണം. തൊഴിൽ മേഖലയിലെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ പുതിയ നൈപുണ്യങ്ങൾ (Up- skilling) നേടിയെടുക്കുക എന്നതാണ് പോംവഴി.

**വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

സാങ്കേതികവിദ്യയുടെയും കൃത്രിമ ബുദ്ധിയുടെയും (AI) ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് അനന്തമായ സാധ്യതകളാണ് മുന്നിലുള്ളത്. എന്നാൽ ഇവ ശരിയായ രീതിയിൽ ഉപയോഗിച്ചില്ലെങ്കിൽ അത് പഠനത്തെയും വ്യക്തിത്വത്തെയും ദോഷകരമായി ബാധിക്കും.

1. അറിവ് നേടാനുള്ള ഉപാധി:

പാഠപുസ്തകങ്ങളിൽ ഒതുങ്ങിനിൽക്കാതെ ലോകനിലവാരമുള്ള കോഴ്സുകൾ (Courses , Khan Academy പോലുള്ളവ) വഴി പുതിയ കാര്യങ്ങൾ പഠിക്കാൻ ഇന്റർനെറ്റ് ഉപയോഗിക്കുക. AI ടൂളുകളെ (ഉദാഹരണത്തിന് Chat GPT) പാഠഭാഗങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ ഒരു 'ട്യൂട്ടർ' ആയി ഉപയോഗിക്കാമെങ്കിലും, ഹോംവർക്കുകൾ പകർത്തി എഴുതാൻ ഉപയോഗിക്കരുത്.

2. <u>പുതിയ നൈപുണ്യങ്ങൾ (Skills) വളർത്തുക:</u>

ഭാവിയിൽ ഡിജിറ്റൽ സാക്ഷരത എന്നത് നിർബന്ധമാണ്. കോഡിംഗ്, ഡാറ്റ അനാലിസിസ്, ഡിജിറ്റൽ ഡിസൈനിംഗ് തുടങ്ങിയവയിൽ പ്രാഥമിക അറിവ് നേടുന്നത് കരിയറിൽ വലിയ മുൻതൂക്കം നൽകും.

3. <u>സ്ക്രീൻ ടൈം നിയന്ത്രിക്കുക:</u>

പഠനത്തിനാവശ്യമായ കാര്യങ്ങൾക്ക് ശേഷം സോഷ്യൽ മീഡിയയിലും ഗെയിമുകളിലും അമിതമായി സമയം ചിലവഴിക്കുന്നത് മാനസികാരോഗ്യത്തെയും ഏകാഗ്രതയെയും ബാധിക്കും. 'ഡിജിറ്റൽ ഡിറ്റോക്സ്' അഥവാ ഇടയ്ക്ക് ഫോണിൽ നിന്നും വിട്ടുനിൽക്കുന്നത് ശീലമാക്കുക.

4. <u>സൈബർ സുരക്ഷയും മര്യാദയും:</u>

ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ അപരിചിതരുമായി സംസാരിക്കാതിരിക്കാനും സ്വകാര്യ വിവരങ്ങൾ പങ്കുവെക്കാതിരിക്കാനും ശ്രദ്ധിക്കണം. കൂടാതെ, ഓൺലൈൻ ഇടങ്ങളിൽ മാന്യമായ ഭാഷയും പെരുമാറ്റവും (Netiquette) കാത്തുസൂക്ഷിക്കുക.

സാങ്കേതികവിദ്യ എന്നത് വിദ്യാർത്ഥികൾക്ക് ഒരു വിളക്ക് പോലെയാണ്; അത് ശരിയായ ദിശയിൽ പിടിച്ചാൽ ലക്ഷ്യസ്ഥാനത്തെത്താൻ സഹായിക്കും. വെറും ഉപഭോക്താക്കൾ (Consumers) എന്നതിലുപരി സാങ്കേതികവിദ്യയുടെ സഹായത്തോടെ പുതിയ കാര്യങ്ങൾ സൃഷ്ടിക്കുന്നവരായി (Creators) മാറാൻ വരുംതലമുറ ശ്രമിക്കണം.

# SYNONYMS

| WORD | SYNONYMS |
|---|---|
| HAPPY | JOYFUL, CHEERFUL, CONTENT |
| SAD | UNHAPPY, SORROWFUL, DEPRESSED |
| BEAUTIFUL | PRETTY, STUNNING, GORGEOUS |
| SMALL | TINY, LITTLE, MINI |
| BIG | LARGE, HUGE, ENORMOUS |
| FAST | QUICK, RAPID, SWIFT |
| SMART | INTELLIGENT, CLEVER, WISE |